# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 85 26.09.2016-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## പോലീസ് സ്റ്റേഷൻ ആക്രമണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.എം.ഉമ്മർ<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ.ഡോ.എം. കെ. മുനീർ | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | പോലീസ് സ്റ്റേഷനുകളിൽ അതിക്രമിച്ചു കയറി കസ്റ്റഡിയിലുള്ള പ്രതികളെ മോചിപ്പിക്കുന്ന സംഭവങ്ങൾ ആവർത്തിച്ചുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യം സർക്കാർ ഗൗരവപൂർവ്വം വീക്ഷിക്കുന്നുണ്ടോ; | (എ) | ഇത്തരം സംഭവങ്ങൾ ആവർത്തിച്ചുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പോലീസ് സ്റ്റേഷൻ ആക്രമിക്കുന്ന സംഭവങ്ങൾ സർക്കാർ ഗൗരവപൂർവ്വമാണ് കാണുന്നത്. |
| (ബി) | പോലീസിനെ കായികമായി ആക്രമിച്ചുപോലും പ്രതികളെ മോചിപ്പിക്കുന്ന സംഭവങ്ങളിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | പോലീസിനെ കായികമായി ആക്രമിച്ച് പ്രതികളെ മോചിപ്പിക്കുന്ന സംഭവങ്ങളിൽ കുറ്റക്കാർക്കെതിരെ നിയമം അനുശാസിക്കുന്ന ശിക്ഷ നൽകുവാനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. |
| (സി) | ഇത്തരം എത്ര സംഭവങ്ങൾ ഈ വർഷം റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ടെന്നതിന്റെയും അതുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ടെന്നതിന്റെയും വിശദവിവരം നല്കുമോ? | (സി) | ഈ വർഷം പോലീസ് സ്റ്റേഷൻ അതിക്രമിച്ച് കയറി കസ്റ്റഡിയിലുള്ള പ്രതികളെ മോചിപ്പിച്ച നാല് സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.ഈ നാലു സംഭവങ്ങളിലുമായി 22 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.കേസുകളുടെ വിവരം ചുവടെ ചേർക്കുന്നു. |

| ജില്ല | കേസുകളുടെ എണ്ണം |
|---|---|
| 1 ആലപ്പുഴ | 1 |
| 2 പാലക്കാട് | 1 |
| 3 മലപ്പുറം | 1 |
| 4 വയനാട് | 1 |

സെക്ഷൻ ഓഫീസർ